പതിനാറാം കേരള നിയമസഭ

പിന്നാക്ക സമുദായക്ഷേമം സംബന്ധിച്ച കമ്മിറ്റി

(2026–2029)

രണ്ടാമത് റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച കമ്മിറ്റി (2011-2014) യുടെ നാലാമത് റിപ്പോർട്ടിലെ (എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരള നിയമസഭ

പിന്നാക്ക സമുദായക്ഷേമം സംബന്ധിച്ച കമ്മിറ്റി

(2026-2029)

രണ്ടാമത് റിപ്പോർട്ട്

(2026 [illegible] മാസം 27...-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച കമ്മിറ്റി (2011-2014) യുടെ നാലാമത് റിപ്പോർട്ടിലെ (എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

ഉള്ളടക്കം

സമിതിയുടെ ഘടന

ആമുഖം

അധ്യായം I	:	റിപ്പോർട്ട്
അധ്യായം II	:	സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും
അധ്യായം III	:	നടപടി വിവരം ലഭ്യമാക്കാത്ത ശിപാർശ/നിർദ്ദേശം
അധ്യായം IV	:	സമിതിയുടെ തുടർ ശിപാർശകൾ

അനുബന്ധം I

പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച കമ്മിറ്റി
(2026-2029)

ഘടന

<u>ചെയർപേഴ്സൺ :</u>

ശ്രീ. ടി. വി. ഇബ്രാഹിം

<u>അംഗങ്ങൾ :</u>

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. സി. അജയപ്രസാദ്

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സേനാപതി വേണു

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി

ശ്രീ. സജീവൻ പി.കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ലിഷ സി. എ., അണ്ടർ സെക്രട്ടറി.

ആമുഖം

പിന്നാക്ക സമുദായക്ഷേമം സംബന്ധിച്ച കമ്മിറ്റി (2026-2029)യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

എൻ.സി.എ നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ച് കമ്മിറ്റി (2011-2014)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 26-ാം തീയതി കൂടിയ കമ്മിറ്റി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ടി. വി. ഇബ്രാഹിം,
ചെയർപേഴ്സൺ,
പിന്നാക്ക സമുദായക്ഷേമം
സംബന്ധിച്ച കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 26

<u>അധ്യായം I</u>

റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയുടെ പിന്നാക്കസമുദായ ക്ഷേമം സംബന്ധിച്ച കമ്മിറ്റി (2011-2014)യുടെ നാലാമത് റിപ്പോർട്ട് (എൻ.സി.എ നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ച്) 2013 ഏപ്രിൽ മാസം 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിലെ അറബിക്, ഉർദു അദ്ധ്യാപകർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ചില സംവരണ വിഭാഗ ഉദ്യോഗാർത്ഥികൾ ഉൾപ്പെടാതെ വന്നതുമൂലം പ്രസ്തുത സംവരണ വിഭാഗക്കാർക്കായുള്ള തസ്തികകൾ വളരെക്കാലമായി നികത്താതിരിക്കുകയാണെന്നും പിന്നാക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽസാധ്യതയെ ബാധിക്കുന്ന ഈ വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് വ്യക്തികളും, സംഘടനാപ്രതിനിധികളും സമിതിയിൽ ഹർജികൾ സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജികളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ കണ്ടെത്തലുകളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് സമിതിയുടെ (2011-2014)യുടെ നാലാമത് റിപ്പോർട്ട്.

പ്രസ്തുത റിപ്പോർട്ടിൽ 3 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് സർക്കാരിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. പ്രസ്തുത ശിപാർശകളിന്മേൽ ഉദ്യോഗസ്ഥഭരണപരിഷ്കാര (റൂൾസ്) വകുപ്പ് ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകൾ, സമിതി ആരാഞ്ഞ അധിക വിവരങ്ങൾ, ആയതിന്മേൽ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ എന്നിവ അധ്യായം II-ൽ ചേർത്തിരിക്കുന്നു. നടപടി റിപ്പോർട്ടുകൾ ലഭ്യമാകാത്ത ശിപാർശകളും നിർദ്ദേശങ്ങളും അധ്യായം III-ലും സമിതിയുടെ തുടർ ശിപാർശകൾ അധ്യായം IV-ലും റിപ്പോർട്ടുമായി ബന്ധപ്പെട്ട പകർപ്പുകൾ അനുബന്ധം I ആയും ചേർത്തിരിക്കുന്നു.

അധ്യായം II

സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും

ശിപാർശ നമ്പർ 1

ഏതെങ്കിലും തസ്തികയിലെ നിയമനത്തിന് മതിയായ യോഗ്യതകളുള്ള ഏതെങ്കിലും സംവരണവിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാകാത്തപക്ഷം പ്രസ്തുത ഒഴിവുകൾ ആ സംവരണവിഭാഗത്തിൽ നിന്നുതന്നെ നികത്തണമെന്നുള്ള കെ.എസ്. & എസ്.എസ്.ആർ.ലെ നിയമനസംവരണ വ്യവസ്ഥകളിലെ 15 (a)-യിൽ എൻ.സി.എ. ഒഴിവുകളിലേക്കുള്ള പുനർവിജ്ഞാപനം പരമാവധി രണ്ട് തവണമാത്രം പുറപ്പെടുവിക്കണമെന്നും പ്രസ്തുത രണ്ട് വിജ്ഞാപനങ്ങളും ഒരുവർഷക്കാലാവധിക്കുള്ളിൽ തന്നെ പുറപ്പെടുവിക്കണമെന്നും ഇത് പ്രകാരമുള്ള നിയമനനടപടികൾ ഓരോ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

(സർക്കാർ കത്ത് നം. 11863/ആർ1/13/ഉ.ഭ.പ.വ. തീയതി, 24.08.2013)

എൻ.സി.എ. നിയമനങ്ങളിലെ കാലതാമസവും സങ്കീർണ്ണതയും പരിഹരിക്കുന്നതിനായി KS&SSR-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തണമെന്ന് പിന്നാക്ക സമുദായ ക്ഷേമസമിതിയുടെ നാലാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. സമിതി ശിപാർശ ലഭിക്കുന്നതിനു മുൻപ് തന്നെ ഈ വിഷയം സർക്കാരിന്റെ പരിശോധനയിലുണ്ടായിരുന്നതും, KS&SSR-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്. ഭേദഗതി വരുത്തുന്നതിനായുള്ള കരട് വിജ്ഞാപനം

നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം വകുപ്പിൽ ലഭിച്ചിട്ടുള്ളതും, ആയത് പി.എസ്.സി.യുടെ ഉപദേശത്തിനായി നൽകുന്നതിനുള്ള ഭരണപരമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചു വരുന്നതുമാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ, സമിതി ശിപാർശയിന്മേൽ അന്തിമ മറുപടി ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം 11.07.2013-ലെ കത്ത് പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റിൽ അറിയിച്ചിട്ടുള്ള വിവരവും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(29.10.2013-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധിക വിവരം

സമിതി ശിപാർശ വരുന്നതിനു മുമ്പു തന്നെ KS&SSR-ൽ ഭേദഗതി വരുത്തുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണെന്നുള്ള വകുപ്പിന്റെ റിപ്പോർട്ടിന്മേലുള്ള വിശദീകരണവും പ്രസ്തുത തീരുമാനത്തിന്റെ പകർപ്പും അടിയന്തരമായി ലഭ്യമാക്കണമെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

സർക്കാർ സ്വീകരിച്ച നടപടി

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

(സർക്കാർ കത്ത് നം. 20515/ആർ1/13/ഉ.ഭ.പ.വ. തീയതി, 19.12.2013)

എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നതിനായി KS&SSR-ലെ ചട്ടം 15-ൽ ഭേദഗതി വരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന് നൽകിയിരുന്നു. തുടർന്ന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഒഴിച്ചിട്ടിരിക്കുന്ന NCA ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ പി.എസ്.സി.യിൽ നിന്നും ശേഖരിച്ച്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, പിന്നാക്ക സമുദായ വികസന വകുപ്പ് എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് ഇക്കാര്യം സർക്കാർ പരിശോധിച്ചു. എൻ.സി.എ. നിയമങ്ങളിലെ കാലതാമസവും സങ്കീർണ്ണതയും പരിഹരിക്കുന്നതിനായി KS&SSR-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന്

സർക്കാർ നയപരമായ തീരുമാനം ബഹു. മുഖ്യമന്ത്രി തലത്തിൽ 07.04.2013-ന് കൈക്കൊണ്ടിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

എൻ.സി.എ. നിയമങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ചുള്ള പിന്നാക്ക സമുദായ ക്ഷേമ സമിതിയുടെ 4-ാമത് റിപ്പോർട്ട് 19.06.2013-ലാണ് സർക്കാരിൽ ലഭിക്കുന്നത്. ആയതിനാലാണ് സമിതി ശിപാർശ ലഭിക്കുന്നതിന് മുൻപ് തന്നെ ഈ വിഷയം സർക്കാരിന്റെ പരിശോധനയിലുണ്ടായിരുന്നതും, KS&SSR-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണെന്ന് സമിതിയെ അറിയിച്ചിരുന്നത്.

ഭേദഗതി വിജ്ഞാപനം ഇപ്പോൾ പി.എസ്.സി.യുടെ ഉപദേശത്തിനായി നൽകിയിട്ടുണ്ടെന്നും, പി.എസ്.സി.യുടെ ഉപദേശം ലഭ്യമാകുന്ന മുറയ്ക്ക് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തോടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കഴിയുന്നതാണെന്നും ബോധിപ്പിക്കുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 10.06.2009-ലെ AV (3) 761/2009/G.W. നമ്പർ കത്തിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം I)

(12.08.2014-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധിക വിവരം

എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ച സമിതിയുടെ ശിപാർശ ലഭിക്കുന്നതിന് മുമ്പ് തന്നെ പ്രസ്തുത വിഷയം സർക്കാരിന്റെ പരിശോധയിലുണ്ടായിരുന്നതും കെ.എസ്.&എസ്.എസ്.ആറിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണെന്ന വിവരം സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ട് ചെയ്യാതെ കൃത്യവിലോപം നടത്താനുണ്ടായ കാരണമെന്താണെന്നും കെ.എസ്.&എസ്.എസ്.ആർ. ഭേദഗതി വരുത്തുന്നത് സംബന്ധിച്ച തീരുമാനം നടപ്പിലാക്കിയോ എന്നും വകുപ്പിനോട് ആരായാൻ സമിതി നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

(സർക്കാർ നമ്പർ കത്ത് നം. 11863/ആർ1/13/ഉ.ഭ.പ.വ. തീയതി, 03.12.2014)

ഇടക്കാല റിപ്പോർട്ട്

എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നതിനായി KS&SSR-ലെ ചട്ടം 15-ൽ ഭേദഗതി വരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന് നൽകിയിരുന്നു. തുടർന്ന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഒഴിച്ചിട്ടിരിക്കുന്ന NCA ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ പി.എസ്.സി.യിൽ നിന്നും ശേഖരിച്ച്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, പിന്നാക്ക സമുദായ വികസന വകുപ്പ് എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് ഇക്കാര്യം സർക്കാർ പരിശോധിച്ചു. എൻ.സി.എ. നിയമനങ്ങളിലെ കാലതാമസവും സങ്കീർണ്ണതയും പരിഹരിക്കുന്നതിനായി KS&SSR-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ നയപരമായ തീരുമാനം ബഹു. മുഖ്യമന്ത്രി തലത്തിൽ 07.04.2013-ന് കൈക്കൊണ്ടിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വന്നിരുന്നതാണ്.

എൻ.സി.എ. നിയമനങ്ങളിലെ കാലതാമസം പരിഹരിക്കുന്നത് സംബന്ധിച്ചുള്ള പിന്നാക്ക സമുദായ ക്ഷേമ സമിതിയുടെ 4-ാമത് റിപ്പോർട്ട് 19.06.2013-ലാണ് സർക്കാരിൽ ലഭിക്കുന്നത്. ആയതിനാലാണ് സമിതി ശിപാർശ ലഭിക്കുന്നതിന് മുൻപ് തന്നെ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നതാണെന്ന് 24.08.2013-ലെ കത്ത് മുഖേന സമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നത്. 29.10.2013-ന് നടന്ന പിന്നാക്ക സമുദായ ക്ഷേമ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഇക്കാര്യത്തിൽ വിശദീകരണം തേടിയിരുന്നതും ആയത് 19.12.2013-ൽ സമിതി മുമ്പാകെ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ളതുമാണ്. ഈ വിഷയത്തിൽ യഥാർത്ഥ വസ്തുതകൾ സമിതിയെ ധരിപ്പിക്കുന്നതിലും തെളിവെടുപ്പ് യോഗത്തിൽ ഹാജരായി വിശദീകരണങ്ങൾ നൽകുന്നതിലും ഈ വകുപ്പിൽ നിന്നും വീഴ്ചകളൊന്നും ഉണ്ടായതായി കാണുന്നില്ല.

(11.02.2015-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരത്തിന്മേൽ ലഭ്യമായ ഇടക്കാല റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ	സർക്കാർ സ്വീകരിച്ച നടപടി
ശിപാർശ നമ്പർ 1 ഏതെങ്കിലും തസ്തികയിലെ നിയമനത്തിന് മതിയായ യോഗ്യതകളുള്ള ഏതെങ്കിലും സംവരണവിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാകാത്തപക്ഷം പ്രസ്തുത ഒഴിവുകൾ ആ സംവരണവിഭാഗത്തിൽ നിന്നുതന്നെ നികത്തണമെന്നുള്ള കെ.എസ്. & എസ്.എസ്.ആർ.ലെ നിയമനസംവരണ വ്യവസ്ഥകളിലെ 15 (a)-യിൽ എൻ.സി.എ. ഒഴിവുകളിലേക്കുള്ള പുനർവിജ്ഞാപനം പരമാവധി രണ്ട് തവണമാത്രം പുറപ്പെടുവിക്കണമെന്നും പ്രസ്തുത രണ്ട് വിജ്ഞാപനങ്ങളും ഒരുവർഷക്കാലാവധിക്കുള്ളിൽ തന്നെ പുറപ്പെടുവിക്കണമെന്നും ഇത് പ്രകാരമുള്ള നിയമനനടപടികൾ ഓരോ വിജ്ഞാപനം പുറപ്പെടുവിച്ച	**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്** (സർക്കാർ കത്ത് നം. 11863/ആർ1/2013/ഉ.ഭ.പ.വ., തീയതി 23.12.2020) **മറുപടി** സർക്കാർ സർവ്വീസിലും, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളിലും, സർവ്വകലാശാലകളിലുമുള്ള പിന്നാക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യത്തെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ്.കെ.കെ. നരേന്ദ്രൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ച് 02.02.2006-ലെ സ.ഉ. (പി)നം.8/2006/പ.ജാ.പ.വ.വി.വ പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് രണ്ടാം ഭാഗം ചട്ടം 14 (e)-യിൽ പുതുതായി ഒരു ക്ലിപ്തനിബന്ധനയും, ചട്ടം 15(a), 15(b) എന്നിവ ഭേദഗതി വരുത്തുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിന് നിയമസാധുത നൽകിക്കൊണ്ട് പുറപ്പെടുവിച്ച 08.03.2006-ലെ സ.ഉ. (പി)നം.7/2006/ഉ.ഭ.പ.വ. (SRO No.227/2006) വിജ്ഞാപന പ്രകാരമുള്ള ഭേദഗതികളാണ് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് രണ്ടാം ഭാഗം ചട്ടം 14(e), 14(f), 15(a) മുതൽ 15(d) വരെയുള്ള ഉപചട്ടങ്ങളിലായി നിലവിലുള്ളത്. ചട്ടം 15-ലെ എൻ.സി.എ. (No Candidate Available) വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ചുവടെ

തീയതി മുതൽ ആറു മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.	ചേർക്കുന്ന ന്യൂനതകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്:- 1. എൻ.സി.എ (No Candidate Available) വിജ്ഞാപനങ്ങൾ രണ്ടിൽ കുറയാത്ത എണ്ണം എന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പരമാവധി എത്രതവണ എന്ന വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ, സംവരണ ഊഴത്തിലെ സമുദായത്തിൽപ്പെട്ട മതിയായ യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ലഭിക്കുന്നതു വരെ എൻ.സി.എ. വിജ്ഞാപനങ്ങൾ പി.എസ്.സി.യ്ക്ക് നിലവിൽ പുറപ്പെടുവിക്കേണ്ടതായി വരുന്നുണ്ട്. 2. രണ്ടിൽ കുറയാത്ത എൻ.സി.എ. വിജ്ഞാപനങ്ങൾക്ക് ശേഷവും ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ ഒരു പിന്നാക്ക സമുദായത്തിന്റെ സംവരണ ഊഴം സംവരണ പട്ടികയിലെ അടുത്ത പിന്നാക്ക സമുദായത്തിന് നൽകണമെന്ന് ചട്ടം 15(a)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഇപ്രകാരം മാറ്റി നൽകുന്ന ഊഴം തിരിച്ചുപിടിക്കുന്നതിനും (restore) ഏത് സമയത്തിനകം തിരിച്ചുപിടിക്കണമെന്നും ചട്ടത്തിൽ വ്യവസ്ഥയില്ല. 3. കേഡർ സ്ട്രെങ്ത് കുറവായ തസ്തികകളിൽ മേൽപ്രകാരം ഊഴങ്ങൾ മാറ്റി നൽകിയാൽ ദീർഘകാലങ്ങൾക്ക് ശേഷവും പ്രസ്തുത
<u>ശിപാർശ നമ്പർ 2</u> എൻ.സി.എ. ഒഴിവുകളിലേക്ക് രണ്ടുതവണ പുനഃവിജ്ഞാപനം നടത്തിയ ശേഷവും മതിയായ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളെ പ്രസ്തുത സംവരണവിഭാഗത്തിൽനിന്നും ലഭ്യമാകാത്തപക്ഷം ആ ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിലെ തൊട്ടടുത്ത ക്രമത്തിൽവരുന്ന സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്നും ഇപ്രകാരം ഒരു സംവരണവിഭാഗത്തിന് നഷ്ടപ്പെടുന്ന ഒഴിവുകൾ അടുത്ത ലിസ്റ്റിൽ, മുൻ ലിസ്റ്റിലെ ഒഴിവിൽ നിയമനം ലഭിച്ച സംവരണവിഭാഗത്തിനുള്ള ഊഴത്തിൽനിന്നും നിയമനം നൽകേണ്ടതരത്തിൽ വ്യവസ്ഥ	

ഉൾക്കൊള്ളിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.	സംവരണ ഊഴം ബന്ധപ്പെട്ട സമുദായത്തിന് തിരികെ ലഭിക്കാത്ത സാഹചര്യമുണ്ടാകും.
ശിപാർശ നമ്പർ 3 പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഒഴിവുകളിലും എൻ.സി.എ. പുനഃവിജ്ഞാപനങ്ങൾ രണ്ടുതവണ പുറപ്പെടുവിക്കേണ്ടതാണെന്നും പ്രസ്തുത രണ്ട് വിജ്ഞാപനങ്ങളും ഒരു വർഷക്കാലാവധിക്കുള്ളിലാവണമെന്നും ഇപ്രകാരമുള്ള എൻ.സി.എ. വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ ആറുമാസക്കാലയളവിനുള്ളിൽ നിയമനനടപടികൾ പൂർത്തീകരിക്കണമെന്നും ഈ രണ്ട് വിജ്ഞാപനങ്ങൾക്കു ശേഷവും മതിയായ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വരുന്നപക്ഷം പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിലെ ക്രമപ്രകാരം വരുന്ന അടുത്ത	എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണ്ണതയും, കാലതാമസവും പരിഹരിക്കുന്നതിനായി ചട്ടം 15-ലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്നുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും, മുസ്ലീം എംപ്ലോയീസ് കൾച്ചറൽ അസോസിയേഷന്റെയും അഭ്യർത്ഥനകളും, ബഹു. കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ ഉത്തരവും സർക്കാർ പരിശോധിക്കുകയും, ചട്ടം 15(a), 15(b) തദനുസൃതമായി ഭേദഗതി വരുത്തുന്നതിന് തത്വത്തിൽ തീരുമാനമെടുത്ത് കരട് ഭേദഗതി തയ്യാറാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം രണ്ട് തവണ ലഭ്യമാക്കിയെങ്കിലും ടി ഭേദഗതി കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ കഴിഞ്ഞിരുന്നില്ല. വിഷയത്തിന്റെ സങ്കീർണ്ണത പരിഹരിക്കേണ്ടതും എൻ.സി.എ. ഒഴിവുകളിൽ നിയമനത്തിനുള്ള കാലതാമസം ഒഴിവാക്കേണ്ടതും ഒഴിവുകൾ പാസ് ഓവർ ചെയ്യുന്നതിലൂടെ ഉണ്ടായേക്കാവുന്ന സംവരണനഷ്ടം ഒഴിവാക്കേണ്ടതും ചട്ടഭേദഗതിയിലൂടെ ഉറപ്പാക്കേണ്ട സംഗതികളാണ്. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ഉൾപ്പെടുത്തിയ ചട്ടം 14(e)-യും, ഉചിതമായ അനുബന്ധ വിഷയങ്ങളും അപഗ്രഥിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ

പിന്നാക്ക സമുദായത്തിലെ ഉദ്യോഗാർത്ഥിയെ നിയമിക്കണമെന്നും പട്ടികജാതി /പട്ടികവർഗ്ഗവിഭാഗത്തിന് ഇപ്രകാരം നഷ്ടമാകുന്ന സംവരണവിഹിതം ഇതേ തസ്തികയിൽ ഉണ്ടാകുന്ന അടുത്ത ലിസ്റ്റിൽ നേരത്തെ നിയമനം ലഭിച്ച സമുദായങ്ങളുടെ ടേണുകൾ കൂടി അധികം നൽകി പരിഹരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.	ജസ്റ്റിസ്.കെ.കെ.ദിനേശനെ കമ്മീഷനായി നിയമിക്കുവാൻ 18.12.2019-ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയും അപ്രകാരം 20.12.2019-ലെ സ.ഉ.(എം.എസ്.)നം.15/2019/ഉ.ഭ.പ.വ പ്രകാരം കമ്മീഷനെ നിയമിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എൻ.സി.എ. ഒഴിവുകൾ സംബന്ധിച്ച് KS&SSRs ചട്ടം 15 ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് വിഷയവും കമ്മീഷൻ പഠനവിധേയമാക്കുന്നതും ശിപാർശകൾ സമർപ്പിക്കുന്നതും ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതിയതിനാൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II-ൽ ഉൾപ്പെടുത്തിയ ചട്ടം 15-ലെ വ്യവസ്ഥകൾ കൂടി ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷന്റെ പഠന വിഷയത്തിൽ (Terms of Reference) ഉൾപ്പെടുത്തി 01.12.2020-ലെ സ.ഉ.(കൈ) നം.14/2020/ഉ.ഭ.പ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ കെ.എസ്.&എസ്.എസ്.ആർ. ചട്ടം 15-ലെ എൻ.സി.എ. നിയമനങ്ങൾ സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കാനാവുകയുള്ളൂവെന്ന വിവരം അറിയിക്കുന്നു. എൻ.സി.എ. നിയമനങ്ങളിലെ കാലതാമസവും സങ്കീർണ്ണതയും പരിഹരിക്കുന്നതിനായി കെ.എസ്.&എസ്.എസ്.ആർ. ഭാഗം II-ലെ ചട്ടം 15-ലെ വ്യവസ്ഥകൾ ഭേദഗതി

	ചെയ്യുന്ന വിഷയം 7878/ആർ.1/2009/ഉ.ഭ.പ.വ. നമ്പർ ഫയലിൽ പരിശോധിച്ച് ചട്ടം ഭേദഗതി ചെയ്യുവാൻ സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിരുന്നു. ആയതിലേയ്ക്കായി കരട് ഭേദഗതി ചട്ടം തയ്യാറാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കുകയും ഈ വിവരങ്ങൾ ഉൾപ്പെടുത്തി നിയമസഭാ സമിതി മുമ്പാകെ 24.08.2013, 19.12.2013 തീയതികളിൽ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ രണ്ട് പ്രാവശ്യവും കേരള പി.എസ്.സി. പുതുക്കിയ നിർദ്ദേശങ്ങൾ സമർപ്പിച്ചതിനാൽ പി.എസ്.സി.-യുടെ പുതിയ നിർദ്ദേശങ്ങളിന്മേൽ പട്ടികജാതി-പട്ടികവർഗ്ഗ വികസനം, പിന്നാക്ക സമുദായ വികസനം എന്നീ വകുപ്പുകളുടെ അഭിപ്രായം തേടി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും 28.04.2016-ലെ കത്ത് മുഖേന നിയമസഭ സെക്രട്ടറിയെ അറിയിച്ചിരുന്നു.

(29.12.2020-ലെ സമിതിയോഗം റിപ്പോർട്ട് പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

23.12.2020-ൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിൽ KS&SSR ഭാഗം II-ൽ ഉൾപ്പെടുത്തിയ ചട്ടം 15-ലെ വ്യവസ്ഥകൾ കൂടി ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷന്റെ പഠന വിഷയത്തിൽ ഉൾപ്പെടുത്തി 01.12.2020-ൽ ഉത്തരവായിട്ടുണ്ടെന്നും ജസ്റ്റിസ് കെ.കെ. ദിനേശൻ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ KS&SSR ചട്ടം 15-ലെ എൻ.സി.എ. നിയമനങ്ങൾ സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കാനാകുകയുള്ളൂ എന്നും അറിയിച്ചിരുന്നു. നിലവിൽ

പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്നും റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച അധികവിവര റിപ്പോർട്ട് ഉദ്യോഗസ്ഥഭരണപരിഷ്കാര (റൂൾസ്) വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ഉദ്യോഗസ്ഥഭരണപരിഷ്കാര (റൂൾസ്) വകുപ്പ്</u>

(സർക്കാർ കത്ത് നം. റൂൾസ്-1/116/2024-ഉ.ഭ.പ.വ. തീയതി 22.01.2025)

ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷന്റെ പഠനവിഷയങ്ങളിൽ ചട്ടം 15-ന്റെ ഭേദഗതി ഉൾപ്പെടുത്തിയിരുന്നെങ്കിലും ടി കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ടും പ്രസ്തുത വിഷയങ്ങളിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമപരിഷ്കരണ കമ്മീഷനെ ചുമതലപ്പെടുത്തിക്കൊണ്ടും 13.06.2022-ലെ സ.ഉ.(കൈ) നം. 13/2022/ഉഭപവ പ്രകാരം ഉത്തരവായിരുന്നു; ചട്ട ഭേദഗതി സംബന്ധിച്ച് നിയമപരിഷ്കരണ കമ്മീഷൻ സർക്കാരിൽ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ KS&SSR ഭേദഗതി ചെയ്യുന്ന വിഷയം പരിശോധിച്ചുവരികയാണ്.

(21.01.2026-ലെ സമിതിയോഗം പരിഗണിക്കുകയും ചട്ടം 15-ന്റെ ഭേദഗതി സംബന്ധിച്ച് നിയമപരിഷ്കരണ കമ്മീഷൻ സർക്കാരിൽ ലഭ്യമാക്കിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ആവശ്യപ്പെടാനും തീരുമാനിച്ചു)

<u>അധ്യായം III</u>

<u>നടപടി വിവരം ലഭ്യമാകാത്ത ശിപാർശ / നിർദ്ദേശം</u>

<u>ഉദ്യോഗസ്ഥഭരണപരിഷ്കാര (റൂൾസ്) വകുപ്പ്</u>

KS&SSR ചട്ടം 15-ന്റെ ഭേദഗതി സംബന്ധിച്ച് നിയമപരിഷ്കരണ കമ്മീഷൻ സർക്കാരിൽ ലഭ്യമാക്കിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച അധികവിവര റിപ്പോർട്ട് ഉദ്യോഗസ്ഥഭരണപരിഷ്കാര (റൂൾസ്) വകുപ്പിനോട് ആവശ്യപ്പെട്ടിട്ടും ആയത് നാളിതുവരെ ലഭ്യമാക്കാത്തതിനാൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

അധ്യായം IV

സമിതിയുടെ തുടർ ശിപാർശ / നിർദ്ദേശം

KS&SSR ചട്ടം 15-ന്റെ ഭേദഗതി സംബന്ധിച്ച് നിയമ പരിഷ്കരണ കമ്മീഷൻ സർക്കാരിൽ ലഭ്യമാക്കിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച അധികവിവര റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ഉദ്യോഗസ്ഥഭരണപരിഷ്കാര (റൂൾസ്) വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

ടി. വി. ഇബ്രാഹിം,
ചെയർപേഴ്സൺ,
പിന്നാക്ക സമുദായക്ഷേമം
സംബന്ധിച്ച കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 26

-58-

WEBSITE: www.keralapsc.org
Address: "KERSERCOM"

E-MAIL: kpsc@keralapsc.org
Telephone: 0471-2448165

KERALA PUBLIC SERVICE COMMISSION

No. A V (3) 761/2009/GW

Thiruvananthapuram.
Dated 10.6.2009.

PERSONNEL AND ADMINISTRATIVE REFORMS
Thiruvananthapuram
18 JUN 2009
1878
SECRETARIAT

From

The Secretary,
Kerala Public Service Commission,
Pattom, Thiruvananthapuram – 4.

To

The Principal Secretary to Government,
P & AR (Rules) Department,
Govt. Secretariat,
Thiruvananthapuram.

Sir.

Sub:- Filling up of NCA Vacancies – Amendment in Part II of the KS & SSR, 1958 – Suggestions forwarding of – regarding.

Ref:- 1) G.O (P) No.7/2006/P & ARD dated 8.3.2006.
2) This Office Letter No. A V (3) 8640/06/GW dated 29.11.2007.

*****

As per Rule 15 (a) of KS & SSR, if a suitable candidate is not available for selection from any particular community or group of communities specified in the Annexure, such vacancy shall be kept unfilled, notified separately for that community or group of communities for that selection year and shall be filled by direct recruitment exclusively from among that community or group of communities, for that selection year and shall be filled by direct recruitment exclusively from among that community or group of communities. If after re notification, repeatedly for not less than two times, no suitable candidate is available for selection from the respective community or group of communities, the selection shall be made from available Other Backward Classes candidates. In the absence of Other Backward Classes candidates the selection shall be made from available SC candidates and in their absence the selection shall be made from available ST candidates.

But the rule offers nothing about how the vacancy shall be filled, if no suitable SC or ST candidates are also available for selection.

As per Rule 15 (b), if a suitable candidate is not available for selection from the group of communities classified as Scheduled Castes in the turn allotted from such group in the Annexure, the said group shall be passed over and the post shall be filled up by a suitable candidate from the group of communities classified Scheduled Tribes and vice-versa.

As per Rule 15 (c), "the benefit of the turn forfeited to SC or ST communities by reason of it being passed over under Sub-rule (b) shall be restored to it, at the earliest possible opportunity."

But these rules are also silent about how the vacancy shall be filled if no suitable SC/ST candidates available for selection after re-notification repeatedly for not less than two times.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ ഭാഗം II 14(e), 15 എന്നീ ചട്ടങ്ങളും അവയുമായി ബന്ധപ്പെട്ട വിഷയങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് - ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചും റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമ പരിഷ്കാര കമ്മീഷനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

സ.ഉ.(കൈ) നം.13/2022/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 13-06-2022

പരാമർശം:—
1. സ.ഉ. (കൈ) നം. 15/2019/ഉ.ഭ.പ.വ. തീയതി: 20/12/2019.
2. സ.ഉ. (കൈ) നം. 14/2020/ഉ.ഭ.പ.വ. തീയതി: 01/12/2020.
3. സ.ഉ. (സാധാ) നം. 189/2020/ഉ.ഭ.പ.വ. തീയതി: 08/09/2020.
4. സ.ഉ. (കൈ) നം. 12/2020/ഉ.ഭ.പ.വ. തീയതി: 23/10/2020
5. സ.ഉ. (കൈ) നം. 6/2021/ഉ.ഭ.പ.വ. തീയതി: 24/02/2021.

ഉത്തരവ്

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ പുതിയതായി ഉൾപ്പെടുത്തിയിരുന്ന ചട്ടം 14(e) പ്രകാരം നിയമനം ലഭിക്കാൻ സാധ്യതയുള്ളതിന്റെ മൂന്നിരട്ടി/അഞ്ചിരട്ടി എണ്ണം ഉദ്യോഗാർത്ഥികളെയെങ്കിലും ഉൾപ്പെടുത്തി മെയിൻ ലിസ്റ്റും സപ്ലിമെന്ററി ലിസ്റ്റും പ്രസിദ്ധീകരിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇത് പിന്നീട് റാങ്ക് പട്ടികകളുടെ കാലാവധി നീട്ടിനല്കുന്നതിന് സർക്കാരിനെ നിർബന്ധിതമാക്കുന്ന സാഹചര്യത്തിലേക്കും അനാവശ്യമായ കോടതി വ്യവഹാരങ്ങൾക്കും നിരന്തരമായ പരാതികൾക്കും കാരണമാകുന്നുവെന്ന് കണ്ട് ഈ വിഷയവും ഇതിന് അനുബന്ധമായ മറ്റ് വിഷയങ്ങളും സമഗ്രമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം

4) പരാമർശം (4) പ്രകാരം കമ്മീഷന്റെ പ്രവർത്തനത്തിനായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ നിയമിതരായവരെ പൊതുഭരണ വകുപ്പിലേക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി ടി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ജസ്റ്റിസ് (റിട്ട.) കെ. കെ. ദിനേശൻ, ജസ്റ്റിസ്. കെ. കെ. ദിനേശൻ കമ്മീഷന്റെ കാര്യാലയം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695 033 (ആമുഖ കത്ത് സഹിതം).
മെമ്പർ സെക്രട്ടറി, ജസ്റ്റിസ്. കെ. കെ. ദിനേശൻ കമ്മീഷൻ, ജസ്റ്റിസ്. കെ. കെ. ദിനേശൻ കമ്മീഷന്റെ കാര്യാലയം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695 033.
നിയമ പരിഷ്കാര കമ്മീഷൻ, റ്റി.സി. 25/2450, സി.എസ്.ഐ. ബിൽഡിംഗ്, മൂന്നാം നില, പുത്തൻചന്ത, തിരുവനന്തപുരം - 695 001 (ആമുഖ കത്ത് സഹിതം).
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, ആഞ്ജനേയ, ടി.സി 9/1023(2), ശാസ്തമംഗലം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ധനകാര്യ വകുപ്പ്.
നിയമ വകുപ്പ്.
പൊതുഭരണ (സ്പെഷ്യൽ-ബി) വകുപ്പ്.
പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ്.
പിന്നാക്ക വിഭാഗ വികസന വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചരണത്തിന്).
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ. യ്ക്ക്